

# രക്ഷകനായ ദൈവം



**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

## പാഠം 1

# ദൈവം സൃഷ്ടിച്ച മനുഷ്യൻ



## ആദിയിൽ ദൈവം

## ആകാശവും ഭൂമിയും സൃഷ്ടിച്ചു.

**സൂര്യനെയും, ചന്ദ്രനെയും നക്ഷത്രങ്ങളെയും സൃഷ്ടിച്ചു**


**എല്ലാത്തരം  സസ്യങ്ങളെയും സകലവിധ**

**ജീവികളെയും സൃഷ്ടിച്ചു...**




അവസാനം ദൈവം

മനുഷ്യനെയും സൃഷ്ടിച്ചു.



# ആദവും ഹവ്വായുമാണ്
# നമ്മുടെ ആദിമാതാപിതാക്കൾ



# ദൈവം നമ്മെ

# എല്ലാവരെയും സൃഷ്ടിച്ചു



ദൈവം നമ്മെ

എല്ലാവരെയും സൃഷ്ടിച്ചു

ദൈവം തന്റെ ഛായയിലാണു നമ്മെ
സഷ്ടിച്ചത് . എന്താണ് ദൈവത്തിന്റെ ഛായ?


**സ്നേഹമാണ് ദൈവത്തിന്റെ ഛായ.**

# നമുക്കു പാടാം



ദൈവം നൽകിയ രൂപം കോ
മർത്യനു നൽകിയ രൂപം കോ
ദൈവം തൻ തിരു രൂപം നൽകി
സ്നേഹത്തിൻ തനി രൂപം നൽകി

# ദൈവത്തിന്റെ സൃഷ്ടി എത്ര മനോഹരം







# നമുക്കുപ്രാർത്ഥിക്കാം

**വരുവിൻ നമുക്ക് കുമ്പിട്ടാരാധിക്കാം. നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പിൽ മുട്ടുകുത്താം**

# നമുക്കുചെയ്യാം

ഇടത്തും വലത്തും ഇരിക്കുന്ന കൂട്ടുകാർക്ക്
സ്നേഹത്തോടെ സ്തുതി ചൊല്ലാം.


ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ.

ഇപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ.

## ബോധ്യങ്ങൾ

* ദൈവം എല്ലാം സൃഷ്ടിച്ചു.

* ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു.



# മനോഭാവങ്ങൾ



* നമ്മെ സൃഷ്ടിച്ച ദൈവത്തെ നാം ആരാധിക്കണം.

* ദൈവം സൃഷ്ടിച്ച നാമെല്ലാവരും പരസ്പരം സ്നേഹിക്കണം.

# ശീലങ്ങൾ

* പ്രാർത്ഥനയിലൂടെ ദൈവത്തെ ആരാധിക്കുക.

* കൂട്ടുകാരുമായി വഴക്കുാക്കുന്ന ശീലം ഉപേക്ഷിക്കുക.

* എല്ലാവരോടും സ്നേഹത്തോടെ പെരുമാറുക.




THANK
YOU